ഉത്തരം

റിസർവ് ബാങ്കിന്റെ അക്കൗണ്ടിൽ, 1-11-1986-ൽ സംസ്ഥാന ഗവൺമെന്റിന്റെ നീക്കിയിരിപ്പ് 55.59 കോടി രൂപയായിരുന്നു.

സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷന്റെ നിവേദനം

1983 [3055] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ ഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) ഈ ആവശ്യങ്ങൾ ഏതെങ്കിലും അനുവദിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1. ജി. ഒ. (പി.) നമ്പർ 235/86 (45) ഫിൻ. തീയതി 19-3-1986-ലെ ഉത്തരവിൻപ്രകാരം 30-6-1978-നു മുൻപ് പെൻഷൻ ആയവരുടെ ശതമാന വർദ്ധനവിനു അവരുടെ 1-4-1985-ലെ ബേസിക് പെൻഷൻ കണക്കാക്കുന്നതിനു പകരം 1-7-1978-ലെ ബേസിക് പെൻഷൻ കണക്കാക്കിയാൽ മതിയെന്നുള്ള ഉത്തരവ് നീതിക്ക് നിരക്കാത്തതും വിവേചനാപരവും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയും നിർദ്ദേശങ്ങൾക്ക് വിധേയമാകയാൽ എല്ലാ പെൻഷൻകാർക്കും 1-4-1985-ലെ ബേസിക് പെൻഷൻ കണക്കാക്കി പെൻഷൻ വർദ്ധനവ് അനുവദിക്കണമെന്ന് ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

2. 1-7-1983 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ട പേ കമ്മീഷൻ റിപ്പോർട്ടിലെ ആനുകൂല്യങ്ങളും സർവ്വീസിലുള്ളവർക്ക് ഇടക്കാലാശ്വാസം നൽകിയും 1-7-1983 മുതലുള്ള ഇൻക്രിമെന്റ് നൽകിയും വെയിറേജ് നൽകി ഫിക്സേഷൻ നടത്തിയും അനുവദിച്ച സ്ഥിതിക്ക് പെൻഷൻകാരുടെ കാര്യത്തിൽമാത്രം അവഗണന കാണിച്ച് അവർക്കുള്ള 1-7-1983 മുതലുള്ള ആനുകൂല്യങ്ങളും നൽകാതെ 1-4-1985 മുതലേ നൽകൂ എന്ന ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ നിലപാട് വിവേചനാപരവും നീതിരഹിതവുമാകയാൽ പേ കമ്മീഷൻ റിപ്പോർട്ടിലെ ആനുകൂല്യങ്ങളും പെൻഷൻകാർക്കും 1-7-1983 മുതൽ പ്രാബല്യം നൽകി ഉത്തരവാകണമെന്നും ഈ യോഗം അഭ്യർത്ഥിക്കുന്നു.

3. ശമ്പള പരിഷ്കരണത്തിന്റെ ഫലമായുണ്ടാകുന്ന ശമ്പള വർദ്ധനവും തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളിലും ആനുപാതികമായി ഉണ്ടാകണമെന്നുള്ളതാണ് സാമാന്യ തത്വം. എന്നാൽ 1-7-1983 മുതൽ പ്രാബല്യത്തിൽവന്ന ശമ്പള പരിഷ്കരണത്തിനു ശേഷം പെൻഷൻ പറ്റുന്നവരിൽ ഒരു വിഭാഗത്തിന് ആകെ പെൻഷൻ തുക ശമ്പളപരിഷ്കരണത്തിനു മുൻപുള്ള ശമ്പള സ്കെയിലിൽ കിട്ടുമായിരുന്ന ആകെ പെൻഷൻ തുകയിൽനിന്നും കുറവായി കാണുന്നു. 500 രൂപ വരെയുള്ള പെൻഷനു മാത്രമേ ഡി.എ. അനുവദിക്കൂ എന്നുള്ളതാണ് ഇതിനു കാരണം. ആകയാൽ ഈ ദുഃസ്ഥിതി പരിഹരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

4. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുകയും തൻമൂലം ജീവിതസൂചിക ഉയർന്നുവരുകയും ചെയ്യുന്നതിനനുസരണമായി കാലാകാലങ്ങളിൽ സർവ്വീസിലിരിക്കുന്നവർക്ക് ഡി.എ. വർദ്ധനവ് അനുവദിക്കുമ്പോഴും അതേ നിരക്കിൽ നിത്യോപയോഗസാധനങ്ങൾ വാങ്ങേണ്ടിവരുന്ന പെൻഷൻകാർക്കും സർവ്വീസിലുള്ളവർക്ക് അനുവദിക്കുന്ന അതേ നിരക്കിൽത്തന്നെ ഡി.എ. വർദ്ധനവ് അനുവദിക്കേണ്ടതിന് വെറും നീതി മാത്രമായതിനാൽ സർവ്വീസിലിരിക്കുന്നവർക്ക് അനുവദിക്കുന്ന അതേ നിരക്കിലുള്ള ഡി.എ. വർദ്ധനവ് പെൻഷൻകാർക്കും നൽകണമെന്നുള്ള പേ കമ്മീഷൻ ശുപാർശ നടപ്പാക്കണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

5. എഴുപത് വയസ്സ് തികഞ്ഞവർക്ക് മാത്രമായി അനുവദിച്ച 25 രൂപ മെഡിക്കൽ അലവൻസ് 50 രൂപയായിട്ടെങ്കിലും വർദ്ധിപ്പിച്ച് പെൻഷൻ പറ്റുന്ന തീയതി മുതൽ എല്ലാ പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും നൽകണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

6. 1-4-1979 മുതൽ 31-3-1984 വരെയുള്ള കുടിശ്ശിക 1-4-1979-നു മുൻപ് പെൻഷൻപറ്റി പ്രായാധിക്യത്താൽ കഴിയുന്നവർക്ക് കൊടുക്കാതെ നീട്ടിക്കൊണ്ടു പോകുന്നത് നിർദ്ദയമാകയാൽ ഉടനടി മൂന്നാം ഗഡു കുടിശ്ശികത്തുക ആ പെൻഷൻകാർക്ക് കിട്ടത്തക്കവണ്ണം വേണ്ട ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഈ യോഗം അപേക്ഷിക്കുന്നു.

7. മറ്റു സ്റ്റേറ്റുകളിൽ കമ്മ്യൂട്ടുചെയ്ത തുക 12 വർഷം കഴിഞ്ഞ് തിരിച്ചു നൽകുമ്പോൾ കേരളാ സ്റ്റേറ്റിൽ മാത്രം അത് 15 വർഷം കഴിഞ്ഞിട്ടേ നൽകൂ എന്നു പറയുന്നത് യാതൊരു യുക്തിക്കും നീതി ചേരാത്തതാകയാൽ ഇവിടുത്തെ പെൻഷൻകാർക്കും കമ്മ്യൂട്ടുചെയ്ത തുക 12 വർഷം തികയുമ്പോൾ നൽകണമെന്നുള്ള പേ കമ്മീഷൻ ശുപാർശ ഉടനടി നടപ്പാക്കണമെന്ന് ഈ യോഗം അപേക്ഷിക്കുന്നു.

8. ലിബറലൈസ്ഡ് ഫാമിലി പെൻഷൻ നൽകാനെന്ന പേരിൽ 1-4-1964 മുതൽ 30-9-1977 വരെ പെൻഷനായവരുടെ പക്കൽ നിന്നുമാത്രം ഒടുവിലത്തെ രണ്ടുമാസത്തെ ശമ്പളത്തുക അന്യായമായി പിടിച്ചുവച്ചിരിക്കുന്നത് പേക്കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതിനു പ്രകാരം ഉടനടി തിരിച്ചുനൽകാൻ നടപടി കൈക്കൊള്ളണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

9. സർവ്വീസിലിരിക്കുന്നവർക്ക് ഓണം പ്രമാണിച്ച് 21 ദിവസത്തെ വേതനം ബോണസ്സായി അനുവദിച്ചപ്പോൾ സർവ്വീസിലിരുന്ന് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് പെൻഷൻ പറ്റിയവർക്ക് വെറും 50 രൂപ മാത്രം ഫെസ്റ്റിവൽ അലവൻസായി അനുവദിച്ചത് നീതീകരിക്കത്തക്കതാണോ എന്ന് ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ചിന്തക്ക് വിഷയീഭവിക്കേണ്ടതാകയാൽ മേൽപ്പറഞ്ഞ ഉത്തരവ് പുനഃപരിശോധിച്ച് പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും ഒരു മാസത്തെ പെൻഷൻ തുകയെങ്കിലും, ഫെസ്റ്റിവൽ അലവൻസ് നൽകണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

10. 1964-നുമുൻപ് പെൻഷൻപറ്റിയവരുടെ ആശ്രിതർക്ക് കുടുംബ പെൻഷൻ അനുവദിച്ചതിൽ ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെൻറിനെ അനുമോദിക്കുന്നു. എന്നാൽ അപ്രകാരമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആശ്രിതർ കുടുംബ പെൻഷന് അപേക്ഷിക്കുമ്പോൾ മരിച്ചുപോയ പെൻഷൻകാരുടെ പെൻഷൻ ബുക്ക് നമ്പർ (പി.പി.ഒ. നമ്പർ) അപേക്ഷയിൽ കാണിച്ചിരിക്കണമെന്ന നിബന്ധന വയോവൃദ്ധരായ ആശ്രിതരെ സംബന്ധിച്ചിടത്തോളം വളരെ അപ്രായോഗികം ആണെന്നുള്ള കാര്യം ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം പി.പി.ഒ. നമ്പർ ഹാജരാക്കാൻ നിർവ്വാഹമില്ലാത്ത അപേക്ഷകരെ സംബന്ധിച്ച് ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റിൻേറയും അപേക്ഷകൻെറ സത്യവാങ്മൂലത്തിൻേറയും അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കാൻ വേണ്ട ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

11. തിരുവിതാകൂർ ഭാഗത്ത് പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരായിരിക്കവേ സ്കൂൾ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും 60-ാം വയസ്സുവരെ സർവ്വീസിൽ തുടരാൻ അനുവദിക്കുകയും ചെയ്തു. അവരിൽ പലർക്കും ഇപ്പോഴും പെൻഷനില്ല. അവർക്കുകൂടി പെൻഷൻ അനുവദിക്കണമെന്നും ഈ യോഗം ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

12. കുടുംബ പെൻഷൻകാരെ സംബന്ധിച്ചുള്ള പേ കമ്മീഷൻ ശുപാർശകളും 1-7-1983 മുതലുള്ള മുൻകാല പ്രാബല്യത്തോടുകൂടി ഉടനടി അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും ഈ യോഗം ഗവൺമെൻറിനോട് അപേക്ഷിക്കുന്നു.

13. മണിയോർഡറായി പെൻഷൻ വാങ്ങുന്നവർക്ക് പെൻഷൻ കിട്ടുവാൻ വരുന്ന കാലതാമസം ഒഴിവാക്കി എല്ലാ മാസവും ഒന്നാം തീയതിക്കുതന്നെ നിർബന്ധമായും പെൻഷനും മറ്റു ആനുകൂല്യങ്ങളും കിട്ടുവാൻ വേണ്ട ഉത്തരവുണ്ടാകണമെന്നും ഈ യോഗം ഗവൺമെൻറിനോടഭ്യർത്ഥിക്കുന്നു.

14. 14 ബി. ഓപ്പറുചെയ്ത പെൻഷനായ അദ്ധ്യാപകർക്ക് 60-ാം വയസ്സിലെ ശമ്പളവും അതുവരെയുള്ള സർവ്വീസ് പരിഗണിച്ചും ശമ്പളക്കമ്മീഷൻ ശുപാർശചെയ്ത 30/90 പ്രകാരം പെൻഷൻ നൽകേണ്ടതും 6-9-1973 മുതൽ അനുവദിച്ച ഫാമിലി പെൻഷൻ 6-9-1973-നു മുൻപ് മരിച്ചുപോയ പെൻഷൻകാരുടെ അർഹരായ ബന്ധുക്കൾക്കും അനുവദിക്കേണ്ടതാണെന്നും ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

15. വനം വകുപ്പിൽ നിന്നും പെൻഷനായി വർഷങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും ലയബിലിറ്റി തീട്ടപ്പെടുത്തിയിട്ടില്ല എന്നുള്ള കാരണം പറഞ്ഞ് വളരെ കൂടുതൽ പെൻഷൻകാരെ പെൻഷനോ ഗ്രാറ്റുവിറ്റിയോ മറ്റു ആനുകൂല്യമോ അനുവദിക്കാതെ കഷ്ടപ്പെടുത്തുകയാണ്. ഈ അവഗണനയും കാലവിളംബവും പ്രതിഷേധാർഹവും നിയമരഹിതവുമാണ്. ഈ യോഗം ഇതിൽ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും പ്രസ്തുത പെൻഷൻകാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉടനടി ലഭിക്കത്തക്ക വിധത്തിൽ സത്വര നടപടികൾ സ്വീകരിക്കണമെന്നും ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

(ബി) നാലാം കേന്ദ്ര ശമ്പളക്കമ്മീഷൻെറ ശുപാർശകളിൽ പെൻഷൻകാരുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെൻറ് എടുക്കുന്ന തീരുമാനം അറിഞ്ഞശേഷം ഒന്നുമുതൽ ഒൻപതുവരെയും പതിനൊന്നു

LIBRARY ARCHIVES Kerala Legislative Assembly

മുതൽ പതിനാലുവരെയുമുള്ള നിവേദനങ്ങളിൻമേൽ സ.സ്ഥാന സർക്കാർ തീരുമാനമെടുക്കുന്നതാണ്. പത്താമത്തെ നിവേദനത്തിൽ പറയുന്ന കാര്യത്തിന് ഇപ്പോഴത്തന്നെ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പതിനഞ്ചാമത്തെ നിവേദനത്തിന്റെ കാര്യത്തിലാകട്ടെ ബാദ്ധ്യതകൾ ഉള്ള കേസ്സുകളിൽ ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി പിടിച്ചുവച്ചുകൊണ്ട് പെൻഷൻ കൊടുക്കാൻ അപ്പഴപ്പോൾ നിർദ്ദേശങ്ങൾ നൽകാറുണ്ട്. വനം-വകുപ്പ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും ഈ നിർദ്ദേശം ബാധകമാണ്.

സ.സ്ഥാന ജീവനക്കാരുടെ പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

1984 [3056] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചു വർഷവും അതിലധികവുമായി പെൻഷൻ കിട്ടാത്തവർ സംസ്ഥാനത്ത് എത്രപേരുണ്ട്;

(ബി) ഒരു വർഷത്തിനകം പെൻഷൻ നൽകാൻ സാധിച്ചില്ലെങ്കിൽ അത്തരം കേസുകളിൽ പെൻഷൻകാർക്ക് പലിശ നൽകാൻ നടപടി എടുക്കുകയും പലിശ സംഖ്യ പെൻഷൻ അനുവദിക്കുന്ന മേലുദ്യോഗസ്ഥനിൽനിന്ന് പിടിച്ചെടുക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഡിപ്പാർട്ടുമെന്റ് മേധാവികൾ പെൻഷൻ നല്കുന്നതുകൊണ്ട് ഈ വിവരം കൃത്യമായി ഇപ്പോൾ നല്കാൻ സാധിക്കുന്നതല്ല. വിവരം ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(ബി) 10-4-1985-ലെ സർക്കുലർ നമ്പർ 31/85/ഫിൻ. പ്രകാരം ഇത് സാദ്ധ്യമാണ്.

പെൻഷൻകാരുടെ ആനുകൂല്യങ്ങൾ

1985 [3057] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻപറ്റിയവരുടെയും ആനുകൂല്യങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ നിശ്ചയിച്ച ഗോപാലൻനമ്പ്യാർ കമ്മീഷൻ പെൻഷൻകാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ശുപാർശ ചെയ്തിരുന്നത്;

(ബി) ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ പെൻഷൻകാരെ സംബന്ധിക്കുന്ന എന്തെല്ലാം ശുപാർശകൾ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്;

(സി) ബാക്കിയുള്ള ശുപാർശകൾ നടപ്പാക്കുന്നതു സംബന്ധിച്ച് 1986 ആഗസ്റ്റ് പതിനാലിന് പെൻഷൻകാരുടെ സംഘടനയും സർക്കാരും തമ്മിൽ ചർച്ച നടത്തുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ ആ ചർച്ചയിൽവെച്ച് സമ്മതിച്ച കാര്യങ്ങൾ എന്തൊക്കെയാണ്;

(ഇ) ഇവ എന്നു മുതൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly